**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5649 — 18.11.2019 ൽ മറുപടിക്ക്

## റീജിയണൽ ക്യാൻസർ സെന്ററിൽ കാരുണ്യ പദ്ധതിയുടെ ആനുകൂല്യം

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ 2017-18, 2018-19 എന്നീ വർഷങ്ങളിൽ ചികിത്സ തേടിയ രോഗികളിൽ എത്രപേർക്ക് കാരുണ്യ പദ്ധതിയുടെ ആനുകൂല്യം അനുവദിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ 2017-18 ൽ 2138 രോഗികൾക്കും 2018-19 ൽ 10329 രോഗികൾക്കും ചികിത്സാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ടി വർഷങ്ങളിൽ ഓരോന്നിലും ആർ.സി.സി. പ്രസ്തുത രോഗികൾക്കായി എന്ത് തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ; | (ബി) | കാരുണ്യ ബനവലന്റ് ഫണ്ട് ഗുണഭോക്താക്കൾക്കായി 2017-18 വർഷത്തിൽ 27.49 കോടി രൂപയും 2018-19 വർഷത്തിൽ 19.89 കോടി രൂപയും ആർ.സി.സി. ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത തുക കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ആർ.സി.സി.ക്ക് മടക്കി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിൽ എന്ത് തുക കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും നൽകിയിട്ടുള്ള ചികിത്സാനുമതി പ്രകാരം ചികിത്സ നൽകിയതിന്റെ വിനിയോഗവിവരം സർക്കാർ/സഹകരണ/ത്രിതല ആശുപത്രികൾ ലഭ്യമാക്കുന്ന മുറയ്ക്കാണ് നിലവിൽ ടി ആശുപത്രികൾക്ക് തുക വിതരണം ചെയ്യുന്നത്. ആർ.സി.സി. ലഭ്യമാക്കിയ വിനിയോഗ വിവരപ്രകാരം 14.37 കോടി രൂപ ആർ.സി.സി.യ്ക്ക് നൽകുവാനുണ്ട്. |

Hari

സെക്ഷൻ ഓഫീസർ